### (98.) വയ്യാറ്റുപുഴ സെന്റ് ജയിംസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

രണ്ടാം ലോകമഹായുദ്ധത്തിന്റെ പരിണിതഫലമായി ഭക്ഷ്യക്ഷാമം മൂലം നാട്ടിൻപുറങ്ങളിൽ നിന്നും കുടിയേറികാട് വെട്ടിത്തെളിച്ച് കൃഷി ചെയ്തു പോന്ന പൂർവീകർ ഓരോരുത്തരായി താൽക്കാലിക താമസം തുടങ്ങി. 1954 ആയപ്പോഴേക്കും വയ്യാറ്റുപുഴ, കുളങ്ങരവാലി, ആനപ്പാറ, പുലയൻപാറ എന്നീ സ്ഥലങ്ങളിൽ ആളുകൾ സ്ഥിരതാമസം തുടങ്ങി. ആദ്യകാലങ്ങളിൽ ഈ പ്രദേശങ്ങളിലെ ക്രൈസ്തവർ എല്ലാവരും ഒന്നിച്ച് സഭാ വ്യത്യാസമില്ലാതെ ഏതെങ്കിലും ഒരു വീട്ടിൽ കൂട്ടായ്മ നടത്തിപ്പോന്നു.

മലങ്കര കത്തോലിക്ക വിശ്വാസികൾ വളരെ കുറവായതിനാൽ സീറോ മലബാർ സഭയിൽപ്പെട്ട ഒരു പള്ളി പണിയുന്നതിലേക്കായി പണൂർ ചാക്കോച്ചൻ, വാതല്ലൂർ ജോസഫ് എന്നിവർ ചങ്ങനാശ്ശേരി ബിഷപ്പിനെ സമീപിച്ചു തങ്ങളുടെ ആവശ്യം അറിയിച്ചു. എന്നാൽ പുനരൈക്യത്തോടുകൂടി ഈ പ്രദേശങ്ങളെല്ലാം മലങ്കര കത്തോലിക്കാ സഭയുടെ മെത്രാപ്പോലീത്താ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അധികാരത്തിൽ പെട്ടതാണെന്നും അദ്ദേഹത്തെ സമീപിക്കുവാനും ചങ്ങനാശ്ശേരി രൂപത അധ്യക്ഷൻ കാളാശേരി പിതാവ് അറിയിച്ചു. അങ്ങനെയിരിക്കെ ഗ്രിഗോറിയോസ് പിതാവ് പെരുനാട് മാമ്പാറയിൽ വരുന്നതറിഞ്ഞ് പണൂർ ചാക്കോച്ചൻ, വാതല്ലൂർ ജോസഫ്, കുളത്തുങ്കൽ ദാനിയേൽ, തട്ടയിൽ ചാക്കോച്ചൻ, എന്നിവർ മാമ്പാറയിൽ പോയി പിതാവിനെ കണ്ട് സങ്കടം ബോധിപ്പിച്ചു. നിങ്ങൾ സ്ഥലം തന്നാൽ ചാപ്പൽ ഉടൻ പണിയാം എന്ന് പിതാവ് സമ്മതിച്ചു. മാമ്പാറ പള്ളി വികാരിയായിരുന്ന ജേക്കബ് മുണ്ടപ്പള്ളി അച്ചനെ ഈ കാര്യം ചുമതലപ്പെടുത്തി. ഈ വിവരം അറിഞ്ഞ സ്ഥലവാസിയായ കാഞ്ഞിക്കാവിൽ ശ്രീ.തോമസ് കുളങ്ങരവാലിയിൽ തന്റെ ഉടമസ്ഥതയിലുള്ള 5 സെന്റ് സ്ഥലം ദേവാലയത്തിന് ആയി ദാനം ചെയ്തു. ബാക്കി സ്ഥലം ശ്രീമാൻ തുണ്ടിയിൽ മത്തായിയുടേയും ശ്രീമാൻ കുഞ്ഞൂഞ്ഞു മുതിരക്കാലയുടേയും പക്കൽ നിന്നും വിലകൊടുത്ത് വാങ്ങി. ദാനം ലഭിച്ച സ്ഥലത്ത് കാട്ടു കമ്പും മുളയും ഉപയോഗിച്ച് ചാപ്പൽ പണിയുകയും പുല്ലുമേഞ്ഞ 1956-ൽ ആദ്യ ചാപ്പൽ നിർമ്മിക്കുകയും ചെയ്തു. അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവ് 1957-ൽ കൂദാശചെയ്തു സെന്റ് ജെയിംസ് മലങ്കര കത്തോലിക്ക ദേവാലയം എന്ന് നാമകരണം ചെയ്തു.

ആദ്യകാലങ്ങളിൽ ഒന്നോ രണ്ടോ മാസം കൂടുമ്പോൾ ഏതെങ്കിലും ഒരു ഞായറാഴ്ച വിശുദ്ധ കുർബാന അർപ്പിച്ചിരുന്നു. ആദ്യകാല ഇടവക അംഗങ്ങൾ പണൂർ ചാക്കോച്ചൻ, വാതല്ലൂർ ജോസഫ്, കുളത്തുങ്കൽ ദാനിയേൽ, ചെറിയാൻ പ്ലാത്താനത്, മത്തായി അങ്ങാടിയിൽ, തോട്ടുപാട്ട് എബ്രഹാം, തട്ടയിൽ ചാക്കോച്ചൻ, പുതുപ്പറമ്പിൽ ഉണ്ണൂണ്ണി, കൂടാതെ മീൻകുഴിയിൽ താമസിച്ചിരുന്ന സീറോ മലബാർ സഭയിൽപ്പെട്ട അംഗങ്ങളും കുളങ്ങരവാലി മലങ്കര കത്തോലിക്കാ പള്ളിയെയാണ് വിശുദ്ധ കുർബാനയ്ക്കായി ആശ്രയിച്ചിരുന്നത്. അടുത്ത ഒരു വർഷത്തിനുള്ളിൽ തുണ്ടിയിൽ ഉണ്ണൂണ്ണി, തോമസ് വില്ലൂന്നിപാറ, ചാമക്കാലയിൽ യോഹന്നാൻ വർഗീസ്, അദ്ദേഹത്തിന്റെ അളിയൻ കുഞ്ഞപ്പൻ തെക്കേക്കര, തോമസ് ജോൺ അമ്പലത്തുംമൂട്ടിൽ എന്നിവർ സഭാംഗങ്ങൾ ആയി. 1958-ൽ ചിറ്റാർ പള്ളിയിൽ താമസിച്ചുകൊണ്ട് ജോസഫ് വാഴപ്പിള്ളേത്ത് അച്ചൻ കിഴക്കൻ മേഖലയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കി. വാഴപിള്ളേത്ത് അച്ചന്റെ പ്രായാധിക്യവും രോഗവും മൂലം അദ്ദേഹത്തെ സഹായിക്കുവാൻ 1959-ൽ സാമുവേൽ തെങ്ങുവിള അച്ചൻ എത്തി. അതോടെ മലങ്കര കത്തോലിക്കാ സഭ അതിശക്തമായി വളരുവാൻ തുടങ്ങി.

1959 അവസാനത്തോടെ വികാരിയായി അദ്ദേഹത്തിന്റെ പ്രവർത്തനം എല്ലാ വിഭാഗം ജനങ്ങളിലും മതിപ്പുളവാക്കി. 1960-61 വർഷങ്ങളിൽ ആണ് ഏറ്റവും കൂടുതൽ ആളുകൾ മലങ്കര കത്തോലിക്കാ സഭയിൽ അംഗങ്ങളായത്. അദ്ദേഹത്തിന്റെ സേവന കാലത്താണ് വയ്യാറ്റുപുഴ കുരിശടിയ്ക്കുള്ള സ്ഥലം വാണിയേടത് കൊച്ചുകുഞ്ഞുപിള്ളയുടെ പക്കൽ നിന്നും വിലകൊടുത്ത് വാങ്ങി കുരിശടി സ്ഥാപിക്കുകയും ചെയ്തത്. ചിറ്റാറിൽ താമസിക്കുന്നതിനുള്ള അസൗകര്യം കണക്കിലെടുത്ത് പെരുനാട് മാമ്പാറ പള്ളിയിലേക്ക് താമസം മാറ്റി. മാമ്പാറയ്ക്ക് കിഴക്കുള്ള 8 പള്ളികളുടെ വികാരിയായി ശാമുവേൽ തെങ്ങുവിള അച്ചൻ നിയമിതനായി.

അദ്ദേഹത്തെ സഹായിക്കുന്നതിനായി വർഗീസ് മാവേലിൽ അച്ചൻ (കോർഎപ്പിസ്കോപ്പ) നിയമിതനായി. കുറെ കാലത്തെ സേവനത്തിനുശേഷം മാവേലിൽ അച്ചൻ സ്ഥലം മാറി പകരം വർഗീസ് ഇടത്തിൽ അച്ചൻ നിയമിതനായി. യാത്രാ സൗകര്യം ഇല്ലാതിരുന്ന അക്കാലത്ത് പെരുനാട്ടിൽ നിന്നും കാൽനടയായി വന്നു ഈ മലയോരപ്രദേശങ്ങളിൽ എല്ലാ ശുശ്രൂഷയും ചെയ്തിരുന്നു. കഠിനപ്രയഗ്നവും വിശ്രമരഹിതമായ പ്രവർത്തനവും മൂലം രോഗബാധിതനായ ശാമുവേൽ അച്ചൻ ചികിത്സാർത്ഥം സ്ഥലം മാറി പോവുകയും വർഗീസ് ഇടത്തിൽ അച്ചൻ (അസിസ്റ്റന്റ്) വികാരിയായി വരികയും ചെയ്തു. അദ്ദേഹത്തെ സഹായിക്കുന്നതിനായി ആദ്യം ഗീവർഗീസ് പെരുമല അച്ചനും പിന്നീട് ഗീവർഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ്കോപ്പ അച്ചനും സേവനമനുഷ്ഠിച്ചു. വർഗീസ് ഇടത്തിൽ അച്ചന്റെ സ്ഥലം മാറ്റത്തെ തുടർന്ന് ബഹുമാനപ്പെട്ട ജോർജ് പുറത്തൂട്ട് അച്ചൻ വികാരിയായി. മണ്ണിക്കരോട്ട് അച്ചൻ സഹവികാരിയായി തുടർന്നു.

**ദേവാലയം വയ്യാറ്റുപുഴയിൽ 1970**

വികാരിയായിരുന്ന ജോർജ് പുറത്തൂട്ട് അച്ചന്റെയും സഹവികാരിയായിരുന്ന ഗീവർഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ്കോപ്പ അച്ചന്റെയും ശ്രമഫലമായി 1976-ൽ വയ്യാറ്റുപുഴയിൽ ഇപ്പോൾ ദേവാലയം സ്ഥിതി ചെയ്യുന്ന സ്ഥലം മറ്റത്തു ശ്രീ.ജോർജിന്റെ പക്കൽ നിന്നും, ആഡിറ്റോറിയം സ്ഥിതി ചെയ്യുന്ന സ്ഥലം ശ്രീ.ശങ്കരൻ വട്ടപ്പറമ്പിലിന്റെ പക്കൽനിന്നും വിലയ്ക്കുവാങ്ങി. ഈ സ്ഥലം വാങ്ങുന്നതിനു വേണ്ടി കുശാഗ്രബുദ്ധിയോടെ പ്രവർത്തിച്ചത് ശ്രീ. ശാമുവേൽ മേമന പുത്തൻവീടിനെയും, ജോസഫ് വാതലൂരിനെയും നന്ദിപൂർവ്വം സ്മരിക്കുന്നു. ടി സ്ഥലത്ത് കാട്ടു കമ്പും, മുളയും കൊണ്ട് ഓലമേഞ്ഞ ചാപ്പൽ അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് കൂദാശ ചെയ്ത് ആരാധനയ്ക്കായി തുറന്നു കൊടുത്തു. മണ്ണിക്കരോട്ട് അച്ചനുശേഷം ജോർജ് ജോൺ അച്ചൻ, മാത്യു മാടപ്പള്ളിയച്ചൻ എന്നീ സഹവികാരിമാരുടെയും ഹ്യസ്വകാല സേവനം നന്ദിയോടെ സ്മരിക്കുന്നു. ഈ കാലഘട്ടത്തിൽ കുര്യൻ വാലുപറമ്പിൽ അച്ചൻ 1972 ഡിസംബർ 22-ാം തീയതി പ്രഥമ ദിവ്യബലിയർപ്പിച്ചു.

സീതത്തോട്ടിൽ സ്ഥിരതാമസമാക്കി കൊണ്ട് തോമസ് പടയാനിക്കൽ അച്ചൻ വികാരിയായി. അദ്ദേഹത്തിന്റെ ശ്രമഫലമായി ചാപ്പൽ പൊളിച്ച് ഒരു വട്ടപ്പള്ളി 1974-75 ൽ പണിതു. തുടർന്ന് മാത്യു ആലുംമൂട്ടിൽ അച്ചൻ വികാരിയായി നിയമിതനായി. മൂന്നു വർഷത്തെ സേവനത്തിനുശേഷം അദ്ദേഹത്തിന് പകരം യോഹന്നാൻ മുളമൂട്ടിൽ അച്ചൻ, ജോസ് ചാമക്കാല അച്ചൻ എന്നിവർ സേവനം ആരംഭിച്ചു. പള്ളികളുടെ എണ്ണം വർദ്ധിച്ചത് അനുസരിച്ച് ജോസ് ചാമക്കാലയിൽ അച്ചനെ സഹായിക്കുന്നതിനായി ആദ്യം കോശി അയ്യനേത്ത്, വർക്കി ആറ്റുപുറം എന്നീ വൈദികരും നിയമിതരായി. ജോസ് ചാമക്കാലയിൽ അച്ചന്റെ സ്ഥല മാറ്റത്തെ തുടർന്ന് കോശി അയ്യനേത്ത് അച്ചൻ ഹ്യസ്വ കാലത്തേക്കു വികാരിയായി. 1986-ൽ ജോൺസി പുത്തൻവീട്ടിൽ (ഇപ്പോഴത്തെ യോഹന്നാൻ റമ്പാൻ മാവേലിക്കര) അച്ചൻ വികാരിയായി അദ്ദേഹത്തിന്റെ സേവന കാലത്താണ് വയ്യാറ്റുപുഴയിലെ കുരിശടി, കെട്ടിടം എന്നിവ നിർമ്മിച്ചത് എന്ന വസ്തുത ഏറ്റവും നന്ദിയോടെ ഓർക്കുന്നു. അദ്ദേഹത്തെ സഹായിക്കുന്നതിനായി ക്രിസ്റ്റി തേവള്ളിൽ, ഇമ്മാനുവേൽ ബംഗ്ലാവിൽ എന്നീ വൈദികരും നിയമിതരായി അവരുടെ ചുരുങ്ങിയ കാല സേവനം നന്ദിയോടെ ഓർക്കുന്നു.

ജോൺസി പുത്തൻവീട് അച്ചന് ശേഷം ജോൺ തുണ്ടിയത്ത് അച്ചൻ വികാരിയായി. കുളങ്ങര വാലി വസ്തുവിന് പട്ടയം എടുക്കൽ, വയ്യാറ്റുപുഴ കെട്ടിടത്തിന് മുകൾ നില പണി, ആഡിറ്റോറിയത്തിന്റെ തുടക്കം എന്നിവ അദ്ദേഹത്തിന്റെ സേവന കാലത്ത് നടന്നു എന്നുള്ളതും നന്ദിയോടെ സ്മരിക്കുന്നു. അദ്ദേഹത്തെ സഹായിക്കാനായി വന്ന ഗീവർഗീസ് വൈദ്യൻ, ജോൺ വൈപ്പിൻ, ജോസഫ് നെടുമനാൽ എന്നീ വൈദികരുടെയും സേവനം നന്ദിയോടെ സ്മരിക്കുന്നു. ജോൺ തുണ്ടിയത് അച്ചന്റെ സ്ഥലം മാറ്റത്തെ തുടർന്ന് 1996-ൽ ബഹുമാനപ്പെട്ട ക്രിസ്റ്റി തേവള്ളിൽ അച്ചൻ വികാരിയായി നിയമിതനായി.

**വയ്യാറ്റുപുഴ ഇടവകയുടെ സുവർണ്ണകാലഘട്ടം**

ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ഞാൻ പോയാൽ മറ്റൊരു സഹായകനെ നിങ്ങളിലേക്ക് അയക്കും എന്നരുൾ ചെയ്ത ഉയർപ്പിന്റെ നാല്പതാം നാൾ സ്വർഗ്ഗാരോഹണം ചെയ്ത യേശുവിന്റെ വാക്കുകൾ അന്വർത്ഥമാം വിധം മലങ്കര കത്തോലിക്കാ സമൂഹം ഈ പ്രദേശത്ത് രൂപപ്പെട്ടതിനു 40 വർഷം 1996-ൽ ദൈവത്താൽ നിയോഗിക്കപ്പെട്ട തിരുവനന്തപുരം ഭദ്രാസനാധിപൻ അഭിവന്ദ്യ മാർ ബസേലിയോസ് മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് കൽപ്പിച്ച് അയച്ച ക്രിസ്റ്റി തേവള്ളിൽ അച്ചന്റെ കർമ്മകുശലതയും ദീർഘവീക്ഷണവും നിഷ്ഠയും അജപാലന താൽപര്യവും സർവ്വോപരി പ്രാർത്ഥന പരമായ ജീവിതക്രമവും ഇടവക ജനങ്ങളുടെ മാത്രമല്ല നാനാ മതസ്ഥരുടെയും ആധ്യാത്മികവും സാമൂഹികവും സാംസ്കാരികവുമായ വളർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ കിഴക്കൻ മലയോര പ്രദേശങ്ങളിൽ എവിടെയും കാണാം എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. മാർ ഇവാനിയോസ് ഐടിസി, കക്കാട് ഡെവലപ്മെന്റ് സൊസൈറ്റി, മലങ്കര സോഷ്യൽ സർവീസ് എന്നീ സാമൂഹിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ എടുത്തുപറയത്തക്കതാണ്.

കൂടാതെ ചിറ്റാറിൽ റബ്ബർ തോട്ടം വാങ്ങി. മുൻഗാമി തുടക്കംകുറിച്ച ആഡിറ്റോറിയം പണി പൂർത്തീകരിച്ച കൂദാശചെയ്തു. കുളങ്ങരവാലി പള്ളിവക സ്ഥലത്ത് റബർ റീ പ്ലാന്റ് ചെയ്തു. ഇപ്പോൾ ടാപ്പിംഗ് നടന്നുകൊണ്ടിരിക്കുന്നു. തുടർന്ന് ആയിരുന്നു വട്ടപ്പള്ളി പൊളിച്ച് വയ്യാറ്റുപുഴ മലങ്കര കത്തോലിക്ക വിശ്വാസികളുടെ അഭിമാന സ്തംഭമായി പ്രകാശഗോപുരമായി ഉയർന്നുനിൽക്കുന്ന ക്രിസ്തു ശിഷ്യൻ മാർ യാക്കോബ് ശ്ലീഹായുടെ നാമധേയത്തിലുള്ള പള്ളി പണി പുനരാരംഭിച്ചു. 2004 ആഗസ്റ്റ് 8-ാം തീയതി മലങ്കര കത്തോലിക്കാ സഭയുടെ അധ്യക്ഷൻ അഭിവന്ദ്യ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവ ദേവാലയത്തിന് ശിലാസ്ഥാപനം നടത്തി. പുതിയ പള്ളിയുടെ തറയിൽ വെച്ച് വർഗീസ് ചാമക്കാലയിൽ പ്രഥമ ദിവ്യബലി അർപ്പിക്കാൻ അതിനുള്ള ദൈവനിയോഗം ലഭിച്ചു. ദേവാലയത്തോട് ചേർന്ന് സെല്ലാർ നിർമ്മാണം പൂർത്തിയാക്കി. മുൻഭാഗത്തുള്ള കാനാത്തറയിൽ ലീലാമ്മയുടെ ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടവും വാങ്ങുന്നതിനും സാധിച്ചു. അദ്ദേഹത്തിന്റെ ഈ പ്രവർത്തനങ്ങളിൽ എല്ലാം അദ്ദേഹത്തോട് ചേർന്ന് പ്രവർത്തിച്ച ജോസഫ് നെട്ടുമാംകുഴിയിൽ, തോമസ് കോയിക്കൽ, ജോസ് കൊന്നത്തുവിള, തോമസ് മുകളുംപുറത്ത്, ജോസഫ് വെണമാനത്, സെബാസ്റ്റ്യൻ ചരുവിള, ബർണാഡ് വലിയവിള, കോശി പുന്നമൂട്ടിൽ എന്നീ വൈദികരെയും തുടർന്നുവന്ന ഗീവർഗീസ് ചരുവിളയച്ചൻ സേവനങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു. കുരിശു പ്രതിഷ്ഠ 2005 ജൂൺ 5-ന് വന്ദ്യ കോറെപ്പിസ്കോപ്പ ഗീവർഗീസ് മണ്ണിക്കരോട്ട് അച്ചന്റെ കാർമികത്വത്തിൽ വികാരി ക്രിസ്റ്റി അച്ചനെയും സെബാസ്റ്റ്യൻ ചരുവിള അച്ചൻ സഹകാർമികത്വം നടത്തപ്പെട്ടു വയ്യാറ്റുപുഴ ഇടവക ജനങ്ങൾക്ക് പുറമേ സീതത്തോട്, ഗുരുനാഥൻമണ്ണ് എന്നീ ഇടവകകളിൽ ജനങ്ങളിൽ നാട്ടുകാരും സംബന്ധിച്ച് കുരിശു പ്രതിഷ്ഠ ഭക്തിനിർഭരം ആക്കി.

തുടർന്ന് മാത്യു ചരിവുകാലായിൽ അച്ചനും, സിജോ ചരിവുപറമ്പിൽ, ജോർജ് വർഗീസ് പുതുപ്പറമ്പിൽ, ജോസഫ് കളവിളയച്ചന്റെയും പ്രവർത്തനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു. തുടർന്ന് വികാരിയായി ചുമതലയേറ്റ റോബിൻ മനയ്ക്കലേത്ത് അച്ചൻ പള്ളിയോടു ചേർന്നുള്ള മേടപണികഴിപ്പിച്ചു താമസിക്കുകയും ചെയ്തു. തുടർന്ന് എബ്രഹാം മേപ്പുറത്തു അച്ചൻ ഇടവകയിൽ ചുമതലയേൽക്കുകയും പാമ്പിനി പള്ളി പണി പൂർത്തിയാക്കുകയും ചെയ്തു. തുടർന്ന് വയ്യാറ്റുപുഴ ദേവാലയം പെയിന്റ് ചെയ്ത മനോഹരമാക്കി. ശേഷം ജോസഫ് തുണ്ടിയുഴത്തിൽ അച്ചൻ ഇടവക വികാരിയായി സ്ഥാനമേൽക്കുകയും കുളങ്ങര വാലി കുരിശടി സ്ഥാപിക്കുകയും ചെയ്തു... അതേതുടർന്ന് വർഗീസ് തയ്യിൽ അച്ചൻ ഇടവക വികാരിയായി സ്ഥാനമേറ്റു മൂന്നിന്മേൽ കുർബാനയ്ക്ക് ആയി ഇരുവശങ്ങളിൽ ത്രോണോസുകളുടെ പണി പൂർത്തിയാക്കി. നിലവിൽ ഇടവകയുടെ പ്രവർത്തനങ്ങളെ മുന്നോട്ടുനയിക്കുന്നത് ജോയ്സി പുതുപ്പറമ്പിൽ അച്ചനാണ്. ഇടവകയിൽ പുതിയ സണ്ട് സിസ്റ്റവും ക്രമീകരിക്കുകയും, മറ്റ് പ്രവർത്തനങ്ങൾ അച്ചൻ നടത്തി പോകുകയും ചെയ്യുന്നു.

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ**

1. ഫാ. കുര്യൻ വാലുപറമ്പിൽ
2. ഫാ. വർഗീസ് ചാമക്കാലയിൽ
3. ഫാ. ജോസ് വാലുപറമ്പിൽ
4. ഫാ. ജയ്സൺ കുര്യൻ വാലുപറമ്പിൽ ഒ.ഐ.സി.
5. ഫാ. ആബേൽ പതാലിൽ ഒ.ഐ.സി.
6. സി. ഫേബ എസ്.ഐ.സി.
7. ബ്ര. ജോസഫ് പന്നിവിഴ
8. ബ്ര. നിതിൻ വാവോലിൽ ഒ.ഐ.സി.